**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1634** | | **05.02.2019-ൽ മറുപടിയ്ക്ക്** | |
|---|---|---|---|
| | | **കരിപ്പുഴ കനാൽ** | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീമതി യു. പ്രതിഭ** | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | കായംകുളം പട്ടണത്തിലെ കരിപ്പുഴ കനാൽ മാലിന്യങ്ങൾ നിറഞ്ഞ് ആരോഗ്യ ഭീഷണി ഉയർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ മാലിന്യങ്ങൾ നീക്കി കനാലിലെ നീരൊഴുക്ക് സുഗമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ? | (ബി) | കായംകുളം നഗരസഭയുടെ സമീപ പഞ്ചായത്തിൽ കൂടി ഒഴുകിയാണ് കരിപ്പുഴ തോട് നഗരസഭാ പരിധിയിൽ എത്തിച്ചേരുന്നത്. കൂടുതൽ മാലിന്യം കരിപ്പുഴ തോട്ടിലേയ്ക്ക് നിക്ഷേപിച്ച് നീരൊഴുക്ക് തടസ്സപ്പെടാതിരിക്കുന്നതിനു വേണ്ടി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. നഗരസഭാപരിധിയിൽ തോടിന് സമീപം താമസിക്കുന്നവർ പ്രസ്തുത തോട്ടിലേയ്ക്ക് മാലിന്യം നിക്ഷേപിക്കാതിരിക്കാൻ പിച്ചിംഗ് കെട്ടിയിട്ടുണ്ട്.<br>2. നിരീക്ഷണ ക്യാമറ സ്ഥാപിച്ചിട്ടുണ്ട്.<br>3. രാത്രികാലങ്ങളിൽ ദൂരസ്ഥലത്ത് നിന്നും മാലിന്യം കൊണ്ടിടുന്നത് തടയുന്നതിനായി നഗരസഭയുടെ രാത്രികാല സ്ക്വാഡ് പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ